(ബി) കുന്നത്തൂർ മണ്ഡലത്തിലെ ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി പഞ്ചായത്തുകളുടെ സംഗമസ്ഥലമായ ചക്കുവള്ളി ചിറയോടനുബന്ധിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിഗണിക്കുമോ ?

ഉത്തരം

(എ) കിഴക്കേ കല്ലട, പടിഞ്ഞാറെ കല്ലട, എന്നിവിടങ്ങളിൽ ടൂറിസം പദ്ധതി നിലവിലില്ല. മൺട്രോ തുരുത്തിൽ അഷ്ടമുടി ബാക്ക് വാട്ടർ സർക്യൂട്ടിന്റെ ഭാഗമായി ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുവാനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല സിഡ്കോയെ ഏല്പിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(ബി) പരിശോധിക്കാവുന്നതാണ്.

കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം

97 (1567) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽ കനാൽ സംരക്ഷണത്തിനായി രൂപീകരിച്ച കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം കഴിഞ്ഞ നാലര വർഷക്കാലമായി സാമ്പത്തിക ബുദ്ധിമുട്ടുകാരണം മന്ദീഭവിച്ചിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ സൊസൈറ്റിയുടെ പ്രവർത്തനംമൂലം ഭൗതികമായ എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ; ഈ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനത്തിനായി 9 ലക്ഷം രൂപാ അനുവദിച്ചിരുന്നു. കൂടാതെ, പെർഫെക്ട് അഗ്രിമാനേജ്മെന്റ് കോർപ്പറേഷൻ എന്ന ഏജൻസിക്ക് കനാൽ മാനേജ്മെന്റ് പാട്ട വ്യവസ്ഥയിൽ നൽകിയിരിക്കുകയാണ്.

(ബി) കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം ആലപ്പുഴയിലെ കനാലുകളുടെ സംരക്ഷണത്തിന് സഹായകരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. കൂടാതെ കനാലിന്റെ ഇരുവശങ്ങളിലും കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നവരെ പുനരധിവസിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly